**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3787** **09-10-2025 - ൽ മറുപടിയ്ക്ക്**

**റോളർ സ്പോർട്സിനു അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്കുള്ള പരിശീലനത്തിനായി ബാങ്ക്ഡ് ട്രാക്ക് ആൻഡ് റോഡ് സർക്യൂട്ട് (Banked Track & Road Circuit) നിർമ്മിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിൽ കായിക വകുപ്പിന് സ്ഥലം അനുവദിച്ച് നൽകുന്നതിനായി സ്വീകരിച്ച നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | ഇതുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസ വകുപ്പിലോ കേരള സർവകലാശാലയിലോ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | ബാങ്ക്ഡ് ട്രാക്ക് ആൻഡ് റോഡ് സർക്യൂട്ട് (Banked Track & Road Circuit) നിർമ്മിക്കുന്നതിനായി എത്ര എക്കർ സ്ഥലമാണ് കായിക വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത്; സ്ഥലം അനുവദിച്ച് നൽകുന്നതിനായി കേരള യൂണിവേഴ്സിറ്റിയും കായിക വകുപ്പും പാലിക്കേണ്ട നടപടിക്രമങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | (എ) യിൽ നല്കിയിരിക്കുന്നു. |
| (സി) | സ്കേറ്റിംഗിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച കായിക താരങ്ങൾക്ക് സ്പോർസ് ക്വാട്ടയിൽ കോളേജ് അഡ്മിഷനായി എത്ര സീറ്റുകളാണ് കേരളത്തിലെ യൂണിവേഴ്സിറ്റികൾ അനുവദിച്ചിട്ടുള്ളത്; യൂണിവേഴ്സിറ്റി/ കോളേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ? | (സി) | **കേരള സർവകലാശാല**<br><br>സ്പോർട്സ് ക്വാട്ടയിൽ (റോളർ സ്പോർട്സ്/ സ്കേറ്റിങ് ഉൾപ്പടെ ഉള്ള കായിക ഇനങ്ങൾക്ക്) താഴെപ്പറയുംപ്രകാരം അധിക സീറ്റ് അനുവദിക്കുന്നുണ്ട് :<br><br>ബിരുദ കോഴ്സുകളിലെ അഡ്മിഷനിൽ സയൻസ് വിഷയങ്ങൾക്ക് ഒരു സീറ്റും മറ്റു വിഷയങ്ങൾക്ക് മൂന്ന് സീറ്റും സ്പോർട്സ് ക്വാട്ടയിൽ അധികമായി അനുവദിക്കുന്നു.<br><br>ബിരുദാനന്തര ബിരുദ കോഴ്സുകളിലെ അഡ്മിഷനിൽ എല്ലാ വിഷയങ്ങൾക്കും ഒരു സീറ്റ് സ്പോർട്സ് ക്വാട്ടയിൽ അധികമായി അനുവദിക്കുന്നു.<br><br>**മഹാത്മാഗാന്ധി സർവകലാശാല** |

ഓരോ പ്രോഗ്രാമിലും (ഇന്റർചേഞ്ചബിൾ) രണ്ട് സീറ്റുകൾ സ്പോർട്സ് & ഗെയിംസിൽ മികച്ച റെക്കോർഡുള്ള സ്ഥാനാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. (ഇതിൽ സ്കേറ്റിംഗും ഉൾപ്പെടുന്നു). എന്നിരുന്നാലും, ഒരു പ്രത്യേക പ്രോഗ്രാമിന് ഇന്റർചേഞ്ചബിലിറ്റി പ്രയോഗിക്കുമ്പോൾ ഒരു പ്രത്യേക പ്രോഗ്രാമിന്റെ ജനറൽ ക്വാട്ട സീറ്റുകൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ 20% ൽ കൂടുതൽ സ്പോർട്സ് ക്വാട്ടയ്ക്കായി നികത്താൻ പാടില്ല. സ്പോർട്സ് റിസർവേഷൻ ക്വാട്ടയിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷകൻ അക്കാദമിക് യോഗ്യത തൃപ്തിപ്പെടുത്തുന്നതിനൊപ്പം സ്കൂൾ സബ് ഡിസ്ട്രിക്റ്റ് മത്സരത്തിൽ (ഇന്റർ-സ്കൂൾ) കുറഞ്ഞത് മൂന്നാം സ്ഥാനം (വെങ്കല മെഡൽ) നേടിയിരിക്കണം. മഹാത്മാഗാന്ധി സർവകലാശാലയിൽ ഇന്റർകൊളീജിയറ്റ് മത്സരങ്ങൾ നടക്കുന്ന ഇവന്റുകൾ മാത്രമേ പ്രവേശനത്തിനായി പരിഗണിക്കുന്നുള്ളൂ.

**<u>കാലിക്കറ്റ് സർവകലാശാല</u>**

സ്പോർസ് ക്വാട്ട അടിസ്ഥാനത്തിൽ കോളേജ് അഡ്മിഷനായി ഓരോ യു.,ജി. പ്രോഗ്രാമിനും 2 സീറ്റും പി.ജി. പ്രോഗ്രാമുകൾക്ക് ഒരു സീറ്റ് വീതവും അനുവദിച്ചിട്ടുള്ളതാണ്. ഓരോ പ്രത്യേകം ഐറ്റത്തിനും (ഇവെന്റിനും) പ്രത്യേകം ക്വാട്ട ഇല്ല.

**<u>കണ്ണൂർ സർവകലാശാല</u>**

ബിരുദപ്രോഗ്രാമുകൾക്കെല്ലാം രണ്ട് സീറ്റ് വീതവും, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ആകെ സീറ്റുകൾ 20ൽ കുറവായാൽ, കുറഞ്ഞത് ഒരു സീറ്റ് എന്നിങ്ങനെയും സ്പോർട്സ് ക്വാട്ട സീറ്റുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. സർവകലാശാല സ്പോർട്സ് ക്വാട്ട അഡ്മിഷന് പരിഗണിക്കുന്ന 30 കായിക ഇനങ്ങളിൽ സ്കേറ്റിംഗ് ഉൾപ്പെട്ടിട്ടില്ല. ഈ 30 കായിക ഇനങ്ങളിൽപ്പെട്ട അപേക്ഷകരില്ലാത്ത പക്ഷം, കായിക നേട്ടങ്ങൾ സംബന്ധിച്ച സാധുവായ രേഖകളുള്ള, മറ്റ് കായിക ഇനങ്ങളിൽ ഉൾപ്പെട്ടവരെ സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് പരിഗണിക്കുന്നുണ്ട്.

**<u>കുസാറ്റ്</u>**

സ്പോർട്ട്സ് ക്വാട്ട സംവരണത്തിൽ വിഭാഗം തിരിച്ച് സംവരണം നൽകിവരുന്നില്ല. മിനിമം അച്ചീവ്മെന്റ് – Representing Educational District/Sports School/Sports Hostels in Kerala State Schools championship and winning third place എന്ന് ആണ് നിശ്ചയിച്ചിരിക്കുന്നത്.

| | | | |
|---|---|---|---|
| | | | **<u>നുവാൽസ്</u>**<br><br>നിലവിൽ sports quota യിൽ അഡ്മിഷൻ നടത്തിയിട്ടില്ല.<br><br>**<u>മലയാള സർവകലാശാല</u>**<br><br>ഇതിനായി പ്രത്യേകം സീറ്റുകൾ അനുവദിച്ചിട്ടില്ല.<br><br>**<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>**<br><br>കേരള സ്പോർട്ട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കായി എം.എ, എം.എസ്.ഡബ്ല്യൂ,ബി.എ., ബി.എഫ്.എ പ്രോഗ്രാമുകളിൽ സ്പോർട്ട്സ് ക്വാട്ടയിൽ 1 സീറ്റ് വീതം മാറ്റിവച്ചിട്ടുണ്ട്.<br><br>**<u>ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല</u>**<br><br>സംവരണമോ ക്വോട്ടയോ മാറ്റി വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ